## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.114** **11.06.2019 -ൽ മറുപടിയ്ക്ക്**

**'സമഗ്ര' പോർട്ടൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) നിലവിലുള്ള 'സമഗ്ര' പോർട്ടൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഹൈടെക് ക്ലാസ് മുറികളിൽ പാഠവിനിമയത്തിനായി പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ 'സമഗ്ര' എന്ന പേരിൽ ഒരു ഡിജിറ്റൽ വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭവ പോർട്ടലിൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് രണ്ടാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനൊപ്പം പോർട്ടലിന്റെ ഓഫ്ലൈൻ വേർഷനും ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ സമഗ്ര പോർട്ടലിൽ 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. പ്രൈമറി ക്ലാസുകൾക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലായി 27811 റിസോഴ്സുകൾ വിവിധ ഇനങ്ങളിലായി സമഗ്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

ബി) പോർട്ടൽ നവീകരിയ്ക്കുക വഴി പൊതുവിദ്യാഭ്യാസരംഗത്ത് കാതലായ എന്തുമാറ്റമാണ് പ്രതീക്ഷിക്കുന്നത്; പരിഷ്കരണത്തിനായി ചെലവഴിയ്ക്കപ്പെടുന്ന തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ?

ബി) ആധുനിക വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രയോജനപ്പെടുത്തുന്നതിനും അതിലൂടെ പ്രയാസമേറിയ പാഠഭാഗങ്ങൾ ലളിതവും രസകരവുമായ രീതിയിൽ കുട്ടികളിൽ എത്തിക്കുന്നതിനും ഡിജിറ്റൽ വിഭവങ്ങൾക്ക് കഴിയും. 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലിൽ ഓരോ ക്ലാസിലെ കുട്ടികൾക്കും അനുയോജ്യമായ വിധത്തിൽ വിവിധ പാഠഭാഗങ്ങളുടെ ഡിജിറ്റൽ വിഭവങ്ങൾ പരിശോധനയ്ക്ക് ശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ വിഭവങ്ങൾ ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്. പൂർണമായും 'കൈറ്റി'ന്റെ സംവിധാനം ഉപയോഗിച്ചാണ് 'സമഗ്ര' പോർട്ടൽ തയ്യാറാക്കിയിട്ടുള്ളത്. പോർട്ടൽ പരിഷ്കരണത്തിനും വിഭവങ്ങൾ ഉൾപ്പെടുത്തുന്നതിനും പ്രത്യേകമായി തുക ചെലവഴിക്കുന്നില്ല. എന്നാൽ 'കൈറ്റിൽ' നിലവിലുള്ള മാസ്റ്റർ ട്രെയിനർമാർ, കമ്പ്യൂട്ടർ പ്രോഗ്രാമർമാർ, തെരഞ്ഞെടുത്ത സ്കൂൾ അദ്ധ്യാപകർ എന്നിവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ